Mr. President: No. Sir.

Mr. P. Kumaran Ezhuthassan *(Vadakaancheri)*: Then a poll, Sir.

Ayes

1. Mrs. T. Francis
2. Miss. Annie Joseph
3. Mr. R. S. Thevanna Gounder
4. Mr. K. Natarajan Chettiar
5. Mr. P. Narayana Menon
6. Mr. P. Govinda Menon
7. Mr. P. Achuta Menon
8. Mr. P. T. Jacob
9. Mr. V. R. Krishnan Ezhuthassan
10. Mr. M. I. Paul
11. Mr. P. Sankara Menon
12. Mr. M. K. Raja.
13. Mr. P. K. Paul
14. Mr. Dhara Singh
15. Mr. P. Mani
16. Mr. C. N. Ittiravi Nambudiri
17. Mr. A. Eachara Menon
18. Rao Sahib K. Ayyappan
19. Mr. K. Balakrishna Menon
20. Mr. L. M. Pylee
21. Mr. K. S. Panicker
22. Mr. K. T. Achyutan
24. Mr. P. M. Mayankutty
25. Mr. Jos. K. Verghese
26. Mr. P. A. Muhamed Ashroff.
27. Mr. T. K. L. Kunjuvareed
28. Mr. C. J. Cherayath
29. Mr. K. I. Velayudhan
30. Mr. P. V. Sebastin
31. Mr. M. O. Thomakutty
32. Mr. Paramel Ipe Ipe
33. Mr. M. K. Varghese
34. Mr. K. K. Kannan
35. Mr. K. Kochukuttan
36. Mr. P. K. Dewer
37. Mr. S. S. Koder
38. Dr. S. S. Rao
39. Mr. P. E. Warne
40. Mr. S. P. Louis
41. Mr. K. A. Raghavan
42. Mr. Parambi Lonappen

Noes

1. Mr. P. V. Raphael
2. Mr. V. K. Aravindaksha Menon
3. Rao Sahib I. N. Menon
4. Mr. A. Madhava Prabhu
5. Rama Varmha Tampuran
6. Mr. M. Sivarama Menon
7. Mr. S. Venkiteswaran
8. Mr. C. J. Mathew
9. Mr. B. V. K. Menon
10. Rao Sahib M. M. Paul

42 for and 10 against.

The House rose for lunch at 1-30 p.m. and re-assembled at 2-30 p.m. with the Panel Chairman, Mr. Puthur Achutha Menon, in the Chair.

RESOLUTION No. 5

Lease of purambokes to the Depressed Class people

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, "ഭക്ഷ്യോല്പാദനപരിപാടിയുടെ കാലാവധിക്കുശേഷം പുറമ്പോക്ക ഭൂമികൾ പതിച്ചുകൊടുക്കുന്നതിൽ അധഃകൃതക്ക മുൻഗണന നൽകണമെന്ന് ഈ കൌൺസിൽ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനോട ശുപാർശചെയ്യുന്നു" ഇതാണ് എന്റെ പ്രമേയം. ഞാൻ ഈ റസലൂഷൻ ഇവിടെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം അധഃകൃതക്ക ജീവിക്കുവാൻ സ്വതന്ത്രമായ ഒരു കഴിവുണ്ടാക്കുന്നതിനുവേണ്ടിയാണ്. വാസ്തവത്തിൽ ഈ നാട്ടിലെ സമ്പദ്വിധസമ്പത്സമൃദ്ധിക്കും കാരണഭൂതന്മാരായിട്ടുള്ള അധഃകൃതർ ജീവിതത്തിന്റെ അടിത്തട്ടിൽ നരകയാതന അനുഭവിക്കുന്നവരാണെന്ന പറയാതെ ഗത്യന്തരമില്ല. അവരുടെ ഈ ദയനീയമായ പരിതഃസ്ഥിതിക്ക് ഒരു പരിഹാരമുണ്ടാക്കേണ്ടതു രാജ്യത്തിന്റെ പുരോഗതിയെ കാംക്ഷിക്കുന്ന ഏതൊരാളുടേയും കർത്തവ്യം മാത്രമാണ്. ഇന്നത്തെ അവരുടെ ദയനീയസ്ഥിതിയെക്കുറിച്ചു പ്രസ്താവിക്കുകയാണെങ്കിൽ പലവിധത്തിലുള്ള ദുരിതങ്ങളും അവക്ക് ഇന്ന് അനുഭവപ്പെട്ടുകൊണ്ടാണിരിക്കുന്നതു. ഇപ്പോൾ അധഃകൃതമാർക്കും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടമാടിക്കൊണ്ടിരിക്കുകയാണെന്നുള്ള പരമാർത്ഥം ഈ നിയമസഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പർമാർക്കും ഗവണ്മെണ്ടിനും അറിയാവുന്നതായ ഒരു കാര്യമാണ്. പലസ്ഥലങ്ങളിലും പുലയരെന്നതറെയല്ല, അധഃകൃതരിൽപെട്ട പലരും ചില മുതലാളിമാരുടെ ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വശംവദരായിട്ടാണിരിക്കുന്നതു. ചിലസ്ഥലങ്ങളിലുള്ള അധഃകൃതരെ കുടിയിറക്കിയും, വേറെ ചിലേടത്തു പുര തീവെച്ചു നശിപ്പിച്ചും മറ്റുമുള്ള ഭയങ്കരങ്ങളായ മർദ്ദനങ്ങൾ കൊച്ചിരാജ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പലഭാഗങ്ങളിലും അധഃകൃതർക്ക് അനുഭവിക്കേണ്ടിവരുന്നുണ്ട്. എന്നാൽ ഇതിനുള്ള കാരണങ്ങൾ ആരായുകയാണെങ്കിൽ അവർക്ക് സ്വതന്ത്രമായി ജീവിക്കുന്നതിനുള്ള ഒരു പരിതഃസ്ഥിതി ഇല്ലാത്തതുകൊണ്ടാണെന്നുവേണം പറയുവാൻ. ഇവരിൽ മിക്കവരും തന്നെ അന്യന്മാരുടെ പറമ്പുകളിലാണ് താമസിക്കുന്നത്. ഇവരിൽ ആയിരത്തിനു് ഒന്നോ, രണ്ടോ പേർക്കു മാത്രമേ സ്വന്തമായി താമസിക്കുവാൻ സ്ഥലമുണ്ടാവുകയുള്ളു. ഇവർ ഇന്നത്തെ ജന്മിമാരുടേയും, അവരുടെ കുടിയാന്മാരുടേയും അടിമകളായിട്ടാണ് കഴിഞ്ഞുകൂടുന്നതു്. എന്നാൽ ജന്മിമാരേയും അവരുടെ കുടിയാന്മാരേയും എതുക്കണമെന്നുള്ള വിചാരം അധഃകൃതർക്കില്ല. സാധാരണയായി നോക്കുകയാണെങ്കിൽ പുരാതനകാലം മുതല്ക്കുതന്നെ അടിമത്വത്തിൽ കഴിഞ്ഞുവരുന്ന അധഃകൃതർ സംസ്കാരത്തിലും പരിഷ്കാരത്തിലും ഉയർന്നവരുമ്പോൾ അവരെ അടിമത്വത്തിൽ വെച്ചുകൊണ്ടിരിക്കണമെന്ന വിചാരിക്കുന്ന ആളുകൾ ഏതുവിഭാഗത്തിലും ഉള്ളതു നമുക്കു് അനുഭവമാണു്. ഈ കൂട്ടത്തിൽ ജന്മികളിൽ പലരും അധഃകൃതരെ മർദ്ദിക്കുവാനുണ്ടാകും. അതുപോലെതന്നെ കുടിയാന്മാരിൽ പലരും ഇവരെ അടിമത്വത്തിൽ വെച്ചുകൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്നവരുണ്ടായിരിക്കും. ഇങ്ങിനെ പറയുന്നതുകൊണ്ടു് എല്ലാ ജന്മിമാരും, എല്ലാ കുടിയാന്മാരും അധഃകൃതമർദ്ദനത്തിനു് ഉത്സാഹിക്കുന്നവരാണെന്നു സമർത്ഥിക്കുവാൻ ഞാൻ ഒരുക്കമില്ല. ഇന്നത്തെ അധഃകൃതമർദ്ദനങ്ങളുടേയും അവർക്കു നേരിടേണ്ടിവരുന്ന അവശതകളേയും കുറിച്ചു് സാമാന്യമായി പറയുകയാണെങ്കിൽ അവർക്കു സ്വതന്ത്രമായി ജീവിക്കുവാനുള്ള പാഠ്പിടങ്ങളില്ല; സ്വതന്ത്രമായി കൃഷിചെയ്യുവാനുള്ള സ്ഥലങ്ങളില്ല; സ്വതന്ത്രമായി വ്യവസായങ്ങൾ നടത്തുവാനുള്ള കഴിവുകളില്ല; അവർക്കു മറ്റുതരത്തിൽ ഉയരുവാനുള്ള യാതൊരു മാർഗ്ഗങ്ങളുമില്ലാതെ ഉഴലുകയാണു്. ഈ നിലക്കു് പല ജന്മിമാരിൽനിന്നും പല കുടിയാന്മാരിൽനിന്നും അധഃകൃതർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ കുറച്ചൊന്നുമല്ലായെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഈ നാട്ടിലെ കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടുത്തുന്നതിനു് അധഃകൃതരാണു് ഏറ്റവും വലിയ ഒരു പങ്കു വഹിക്കുന്നതെന്നു തുറന്നു പ്രസ്താവിക്കുവാൻ കഴിയും. ജന്മിമാരുടെ കീഴിലുള്ള കുടിയാന്മാർ കഷ്കരാണെങ്കിൽതന്നെയും കഷ്കരും ജന്മിമാരും തമ്മിലുള്ള ബന്ധം മൂലധനത്തെ മാത്രം ആശ്രയിച്ചിരിക്കുന്ന ഒരു സംഗതിയാണു്. യഥാർത്ഥത്തിൽ കൃഷിയെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നതു്, കൃഷിയെ വളർത്തിക്കൊണ്ടുവരുന്നതു്, ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതു് അധികവും അധഃകൃതരാണെന്നു പറയുന്നതിൽ യാതൊരു തെറ്റുമില്ല. അതുകൊണ്ടു് യഥാർത്ഥകൃഷിക്കാരൻ അധഃകൃതനാണു്. ഇങ്ങിനെയുള്ള അധഃകൃതർ നിത്യദാരിദ്ര്യത്തിനു വിധേയമായിട്ടു കഴിഞ്ഞുകൂടുകയെന്നുള്ളതു കണ്ടുകൊണ്ടിരിക്കുവാൻ സൽബുദ്ധിയുള്ള ആളുകൾക്കാർക്കും സാധിക്കുകയില്ലയെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടു് അവരുടെ ഇന്നത്തെ ദയനീയമായ പരിതഃസ്ഥിതിക്കു് ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കണമെങ്കിൽ അവർക്കു സാധാരണയായിട്ടു ജീവിക്കുവാനുള്ള ഒരു കഴിവുണ്ടാകണം. അതായതു് അവർക്കു സ്വന്തമായി സ്ഥലം ഉണ്ടാകണം. അതുപോലെതന്നെ തുച്ഛമായിട്ടെങ്കിലും അവരുടെ സാമ്പത്തികപുരോഗതിയെ മുൻനിർത്തി കുറേശ്ശെ കൃഷിയിടങ്ങളും അവർക്കു് ഉണ്ടാകാതെ കഴികയില്ല. അവരുടെ സാമ്പത്തികനിലയെ പരിഗണിച്ചു് ഈ നാട്ടിലുള്ള എല്ലാ ജനവിഭാഗങ്ങളുടേയും പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടാണു് ഞാൻ ഈ റസല്യൂഷൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഫഡ് പ്രൊഡക്ഷൻ സ്കീമനുസരിച്ചു് ന്യൂനതമ പേർക്കു് വ്യക്തമായ ഏക്കർ ഭൂമിയാണു് ഗവർമ്മെണ്ടിൽനിന്നു വീതിച്ചുകൊടുത്തിട്ടുള്ളതു്. ഇതു കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ എന്റെ ഒരു ചോദ്യത്തിനു് ഉത്തരമായി ഗവർമ്മെണ്ടിൽനിന്നു ലഭിച്ച വിവരമാണു്. ഒരുപക്ഷേ മോഡൻ കൃഷി ഈ ഇനത്തിൽ പെടുകയില്ലെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഈ വ്യക്തമായ ഏക്രോളം സ്ഥലം ഫഡ് പ്രൊഡക്ഷൻ സ്കീമനുസരിച്ചു കൊടുത്തിട്ടുള്ള ലിസ്റ്റിൽ അധഃകൃതർക്കു വളരെ തുച്ഛമായിട്ടു മാത്രമേ കിട്ടീട്ടുള്ളുവെന്നുവേണം പറയുവാൻ. എന്റെ സൂക്ഷ്മമായിട്ടുള്ള അന്വേഷണത്തിൽ അവർ ഉപയോഗിച്ചിരുന്ന ശ്മശാനസ്ഥലങ്ങൾപോലും ഇതരസമുദായങ്ങളിൽപെട്ട ആളുകൾക്കു കൊടുത്തിട്ടുള്ളതായി എനിക്കു് അറിയാം. അതുപോലെതന്നെ കോളനികളിൽ കൃഷിചെയ്യാതെയിരുന്നതായ വേറെ പല സ്ഥലങ്ങളും അധഃകൃതർക്കു കൊടുക്കാതെ മറ്റുസമുദായങ്ങളിൽ പെട്ടവർക്കു കൊടുത്തിട്ടുള്ളതായി എനിക്കു വിവരം കിട്ടീട്ടുണ്ടു്. ഇങ്ങിനെ ഈ ഭൂമി വിതരണംചെയ്യുന്നതിൽ ഗവർമ്മെണ്ടിൽനിന്നു ചെയ്തിട്ടുള്ളതു നോക്കുമ്പോൾ അതു അധഃകൃതർക്കു് അനുകൂലമാണെന്നു വിചാരിക്കുവാനൊ തീരുമാനിക്കുവാനൊ നിവൃത്തിയില്ല. എന്നാൽ ഈ പരിതഃസ്ഥിതിക്കു് ഒരു മാറ്റം വരുത്തേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ള ഒരു സംഗതിയാണു്. അതു് ഈ നാടിന്റെ ക്ഷേമത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്ന പയ്യാപ്പുമായ ഒരു കായ്മാണെന്നേ എനിക്കു തോന്നുന്നുള്ളു. അതുകൊണ്ടു് ഈ സഭയും, ഗവമ്മെണ്ടും അവരെ മറവുള്ളവരെപ്പോലെ കണക്കാക്കി,അവക്കും ഈ നാട്ടിൽ സ്വതന്ത്രമായി ജീവിക്കുന്നതിനും അവരുടെ സാമ്പത്തികനില നന്നാക്കുന്നതിനും വേണ്ടി ഫുഡ് പ്രൊഡക്ഷൻ ലീസ്സിന്റെ കാലാവുധി കഴിഞ്ഞു് വീണ്ടും ആ പുറമ്പോക്കു ഭൂമികൾ വിതരണംചെയ്യുന്ന അവസരത്തിൽ അധഃകൃതക്കു മുൻഗണന കൊടുക്കണമെന്നാണു് ഞാൻ ഈ സഭയേയും ഗവമ്മെണ്ടിനേയും ഉൽബോധിപ്പിക്കുന്നതു്. ഇതിനേക്കാൾ കൂടുതലായി ഇനി ഞാൻ പറയണമെന്നു് ഉദ്ദേശിക്കുന്നില്ല. എന്റെ ഈ പ്രമേയത്തിന്റെ ഉദ്ദേശം ഇത്രമാത്രമേയുള്ള. അതുകൊണ്ടു് ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതു് ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു. അധഃകൃതരിൽ ഏറക്കുറെ എല്ലാവരും തന്നെ താമസിക്കുവാൻ സ്വന്തമായി വാസസ്ഥലം ഇല്ലാത്തവരാണു്. ആ നിലക്കു ഒരു മാറ്റം വരാതിരിക്കുന്നിടത്തോളം കാലം അധഃകൃതക്കു വാസ്ഥവത്തിൽ രക്ഷയില്ല. കുടികിടവെച്ചു താമസിക്കുന്നതിനും, ഓരോരുത്തനും ആവശ്യമായ കൃഷി ചെയ്യുന്നതിനും ഉള്ള സ്ഥലം കിട്ടണം, അതിനുള്ള ഭൂമി പതിച്ചു കിട്ടണമെന്നുള്ള മഹത്തായ ഒരു നിവേദനമാണു് ഈ പ്രമേയത്തിൽ വെച്ചിട്ടുള്ളതു്. കോളനി സമ്പ്രദായം ഇവിടെ നടപ്പിലുണ്ടു്; താമസിക്കുവാൻ സ്ഥലമില്ലാത്ത അധഃകൃതക്കു് താമസിക്കുന്നതിനു് ഗവമ്മെണ്ടിൽ നിന്നു കോളനികൾ ഏർപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ എല്ലാവക്കും താമസിക്കുന്നതിനുള്ള കോളനികൾ ഇനിയുമുണ്ടായിട്ടില്ല. ഇപ്പോഴുള്ള കോളനികൾതന്നെ അതിന്റെ ഉദ്ദേശശുദ്ധിക്കു തികച്ചും പയ്യാപ്പുമാകുന്ന ഒന്നാണോ എന്നുള്ള കാര്യംതന്നെ സംശയമാണു്. കോളനി സമ്പ്രദായം ഇന്നു കാണുന്ന നിലയിൽ തുടരുകയാണെങ്കിൽ അതു വിജയകരമാകയില്ല; അതു വേണ്ടിടത്തോളം പരിരക്ഷ അധഃകൃതക്കു നൽകുകയില്ല എന്നു പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. മറവുള്ളവർ താമസിക്കുന്ന സ്ഥലത്തുനിന്നും വളരെ അകലെ കുന്നിന്റെ മുകളിലും മറ്റുമാണു് ഇന്നത്തെ കോളനികളിൽ അധികവും സ്ഥിതി ചെയ്യുന്നതു്.

ഇവിടെ ഭക്ഷ്യാല്പാദന പദ്ധതിയനുസരിച്ചു പുറമ്പോക്കു സ്ഥലങ്ങൾ മറവുള്ളവരെ ഏല്പിച്ചിട്ടുള്ളതു തിരിച്ചു വാങ്ങുമ്പോൾ, അതു പതിച്ചു കൊടുക്കുന്ന സമയത്തു അധഃകൃതക്കു മുൻഗണന നൽകണമെന്നുള്ളതാണു് ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. കോളനികൾ വെച്ചു കൊടുക്കുന്നതിൽ ഗവമ്മെണ്ടിനെ പ്രേരിപ്പിച്ചിട്ടുള്ള ആ സന്മനോഭാവം ഇതിലും കാണിക്കുകയാണെങ്കിൽ അധഃകൃതർ മറവുള്ളവരിൽനിന്നു ഇന്നനുഭവിച്ചു വരുന്ന വിഷമതകൾ അനുഭവിക്കേണ്ടിവരികയില്ലെന്നു മാത്രമല്ല, അവരുടെ അടിമത്വം നീങ്ങുവാനും ഇടയുണ്ടു്. ഭക്ഷ്യാല്പാദന പദ്ധതിയനുസരിച്ചു സ്ഥലങ്ങൾ കൊടുത്തിട്ടുള്ളതിൽ അധികവും വേണ്ടിടത്തോളം സ്ഥലങ്ങൾ സ്വന്തമായി ഉള്ളവക്കാണു്. ധാരാളം സ്ഥലങ്ങൾ കൃഷി ചെയ്യുന്നവരെ ഈ സ്ഥലങ്ങൾ എല്പിച്ചു കൊടുക്കുവാൻ അന്നു ഗവമ്മെണ്ടു സന്നദ്ധമായിരുന്നു. ആ നിലയിൽ ഭക്ഷ്യാല്പാദന പദ്ധതിയനുസരിച്ചു കൃഷി വികസിപ്പിക്കുവാൻ ധാരാളം സ്ഥലങ്ങൾ വസ്തുവുടമസ്ഥന്മാരായ ആളുകൾ ഏറെറടുത്തു കൃഷിചെയ്തു. ഇന്നു ആ സ്ഥലങ്ങൾ തിരിയെ എല്പിക്കേണമെന്നു് ഗവമ്മെണ്ടു് ആവശ്യപ്പെടുമ്പോൾ അതു കൈവശം വെച്ചുകൊണ്ടിരിക്കുന്നതിനു അവർ ഭഗീരഥപ്രയത്നം ചെയ്യും. അങ്ങിനെ കൂടുതൽ സ്ഥലങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുവാൻ വസ്തു ഉടമസ്ഥന്മാർ ശ്രമിക്കുമ്പോൾ അങ്ങളാവശ്യപ്പെടുന്നതു്, പുരവെച്ചു താമസിക്കുന്നതിനും, മറവുള്ളവരുടെ അടിമത്വത്തിൽനിന്നു രക്ഷനേടുന്നതിനും കുറെ സ്ഥലം, കൃഷിക്കാവശ്യമായ കുറച്ചു സ്ഥലം പതിച്ചു കിട്ടണമെന്നുള്ളതാണു്. യുദ്ധസേവനം കഴിഞ്ഞു മടങ്ങിവരുന്നവക്കു കൃഷി ചെയ്യാൻ ഈ സ്ഥലങ്ങൾ നീക്കി വെച്ചിരിക്കുന്നു എന്നു വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ യുദ്ധത്തിനുപോയി എന്നുള്ള ഏക കാരണം വച്ചുകൊണ്ടു്, ആവശ്യമില്ലാത്തവക്കു സ്ഥലം പതിച്ചു കൊടുക്കരുതെന്നു് ഈ സഭയേയും, ഗവമ്മെണ്ടിനേയും ഞാൻ ഉൽബോധിപ്പിക്കുന്നു. പക്ഷെ, താമസിക്കുവാൻ സ്ഥലമില്ലാത്ത ആളുകൾ ആ കൂട്ടത്തിലുണ്ടെങ്കിൽ അവക്കു് സ്ഥലം പതിച്ചു കൊടുക്കുന്നതിനു ഞങ്ങൾ തടസ്ഥക്കാരല്ല. യുദ്ധത്തിനു പോയി എന്ന കാരണംകൊണ്ടു മാത്രം വസ്തുവുടമസ്ഥന്മാക്കു ഇനിയും സ്ഥലങ്ങൾ പതിച്ചു കൊടുക്കുവാൻ ഗവമ്മെണ്ടു് പുറപ്പെടുന്നുണ്ടെങ്കിൽ അതു ന്യായീകരിക്കാൻ സാധിക്കാത്ത ഒന്നായിരിക്കുമെന്നാണു് എനിക്കു ഗവമ്മെണ്ടിനോടു് പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യംകൂടി ഞാൻ ഗവണ്മെണ്ടിനെ ഓർമ്മപ്പെടുത്തുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ശക്തിയായ ഒരു പ്രവാഹം ഇവടത്തേയ്ക്കുണ്ടായിട്ടുണ്ടെന്ന വസ്തുത ഇവിടെ പല മാന്യന്മാരും പ്രസംഗിക്കുകയുണ്ടായി. അതാരും തടുത്താൽ നില്ക്കാത്ത ഒരു പ്രവാഹമാണ്. അതിന്റെ അടിയൊഴുക്കുകൾ ഇവിടെയുമുണ്ടാകും. ആ റവല്യൂനഷറി പ്രെയിഞ്ച് ഇവിടെയും വരാതിരിക്കയില്ല. അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനു ഭൂമിയില്ലാത്തവർക്ക് ഭൂമി വീതിച്ചു കൊടുത്തു, വസ്തുവുടമസ്ഥന്മാരെ കൂടുതൽ വസ്തുവുടമസ്ഥന്മാരാക്കിത്തീർക്കാതിരിക്കാനുള്ള ഒരു പദ്ധതി സ്വീകരിക്കണം. ഭക്ഷ്യോല്പാദനപദ്ധതിയനുസരിച്ച് ഗവർമ്മെണ്ട് ഏല്പിച്ചിട്ടുള്ള സ്ഥലങ്ങൾ തിരിയെ ഏല്പിക്കുമ്പോൾ, അതു പതിച്ചു കൊടുക്കുന്ന സമയത്തു് പാവപ്പെട്ടവർക്കു മുൻഗണന നൽകണമെന്നു് അധ:കൃത സമുദായത്തിന്റെ പേരിൽ ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയും, ഗവർമ്മെണ്ടു സന്മനോഭാവത്തോടുകൂടി അതു ചെയ്യണമെന്നു് അപേക്ഷിക്കുകയും ചെയ്യുന്നു.

Mr. V. R. Krishnan Ezhuthassan *(Oorakam):* On a point of information, Sir, do the Government propose to dispossess the present possessers of leases?

Mr. A. Madhava Prabhu *(Diwan Peishkar):* It was answered yesterday. In cases in which Government think that it is inequitable to dispossess the persons it will not be done. In other cases it will be.

Mr. V. R. Krishnan Ezhuthassan *(Oorakam):* Do they propose to earmark these lands for ex-service men?

Mr. A. Madhava Prabhu *(Diwan Peishkar):* That is a matter which has not been settled But there is a possibility of they also being given a good share of it.

***Mr. P. Kumaran Ezhuthassan** *(Vadakkancheri):* I also Sir, wish to contribute my contribution to this resolution. Let me first congratulate you of your being called to the Honoured, the Highest Chair.

This is a proposition which requires very serious consideration with sympathy. The proposition is that in the matter of assigning these lands preference may be given to the communities mentioned herein. The reasons assigned are both by the Hon'ble mover and by the seconder, well I am one who will strive every nerve of it to see that the so-called depressed classes are raised to the level of the so-called higher classes, that the depressed classes are in need of every help from the Government and that few of them own lands. Sir, I do not find my way to support this resolution and that on very equitable grounds. I know that in the eyes of a few I am going to cut a rediculous figure in the attitude that I assume in this resolution. Preference wherever possible and wherever equitable must be shown to the classes mentioned in the scope of this resolution. I appreciate it. But greater equity exists in the matter of these assignments. You must understand, Sir, that the persons who have cultivated these bit of lands which are puramboke and leased to particular individuals belonging to various communities and various grades of society they were given to them for fixed terms to raise edible crops at a time when the food position of the State was having a most perilous situation. As much of home production was the object of these leases. And from the figures given by the Hon'ble mover as many as 853·55 acres have been thus leased for being prepared and made fit for cultivation of edible crops and subsequently raising of all such crops. What was the object? The object was to help the Government to tide over the situation at a most critical period of the existence of the State in the field of food. Now, therefore you find, Sir, that these leases have come to the rescue of the Government gladly of themselves and in certain cases they have spent large amounts of money to prepare these lands in certain other cases less amount of money and yet in a few cases without much of expenditure they have raised crops and therefore have received to some extent the fruits of their labours by selling the produce to the Government. If it were the other way in the case of tapioca the whirlwind drive in the form of ban put them in a awkward situation it made them losers, even the Hon'ble Minister being not allowed to lift the roots for the growing of which he has been responsible in the Hill Paddy Scheme. All that is very well known to the House. When the question with regard to this land first equity requires that these assignments must be in favour of the tenant, the lessee in possession now, in contra distinction to the provisions in the Land Revenue Manual, with regard to the provisions of the assignment of lands. The general principle is that the neighbouring land owner, the neighbouring pattadar will be given preference.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

That is a more inequitous proposition. I do not say completely inequitous because if by assigning plot A which is adjacent to plot B belonging to X, in assigning that land if the assignment of that plot to anybody other than the adjacent land owner namely X will create difficulties for the proper enjoyment of X's land necessarily equity do require that the land must go to X. In all other cases there is no meaning that the adjacent pattadar must be given preference. If that is extended further and further till you reach the sea coast you are confronted with the ocean and every bit of land will lie contiguous and will have to be given to one A or B. That is a most inequitous proposition. But there is equity so far as that provision is concerned when the assignment of that particular plot to a person other than the adjacent pattadar works out difficulties for his proper enjoyment. Therefore my attack is upon the provisions of the Land Revenue Manual being applied in these assignments without using a sense of proportion and sense of value. Now as far as this proposition is concerned that preference to our unfortunate friends for uplifting them, must be the primary concern of every man who calls himself a man. Preference with equity is what I want. That is the proposition that I have already made. First equities are in favour of the persons who have prepared the land. The second equity must go to these persons that is, in cases where the person the lessee who has prepared the land brought it into a cultivable stage who have ploughed the land, sown the seed and reaped the harvest. If the lessee wants it the first preference must be given to him. There must be ever so many cases where the lessee may not require the land. In such cases the next preference must go to these people. With the full knowledge that I court odium a little bit of my sense of responsibility, sense of duty and a sense of proportion do require me to take up this stand which I have though not unwillingly but deliberately. I support the motion with these qualification.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ അഭിപ്രായപ്പെട്ടതുപോലെ ഇങ്ങിനെയുള്ള സ്ഥലങ്ങൾ അധ:കൃതർക്ക പതിച്ചു കൊടുത്താൽ, കുരങ്ങന്റെ കയ്യിൽ അപ്പം പങ്കുവെക്കാൻ കൊടുത്തപോലെയായിത്തീരും. എന്തുകൊണ്ടെന്നാൽ സാധാരണയായി ഒരു ജന്മി താമസിക്കുന്നതിന്റെ അയൽഭാഗങ്ങളിലുള്ള സ്ഥലങ്ങളെല്ലാം അദ്ദേഹത്തിന്റെ വകയായിരിക്കും. അവിടെ പണിയെടുക്കുന്നവർക്ക എടങ്ങഴി നെല്ലോ, നാലണയോ കൂലികൊടുക്കും. ഇങ്ങിനെയുള്ള സ്ഥലങ്ങളുടെ അയൽഭാഗത്തുള്ള പുറമ്പോക്കു ഭൂമികളും ഈ ജന്മികളെടുത്തു കൃഷിചെയ്യും. ഇതാരും അറയുകയില്ല. അഥവാ അറിഞ്ഞു എതെങ്കിലും ഗവർമ്മെണ്ടുദ്യോഗസ്ഥൻ വന്നാൽ തന്നെ അദ്ദേഹത്തെ ഏതെങ്കിലും വിധത്തിൽ പറഞ്ഞയക്കുവാനുള്ള സാമർത്ഥ്യം അവർക്കുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ജന്മികളുടെ അയൽഭാഗത്തുള്ള പുറമ്പോക്കു ഭൂമി അധ:കൃതന്മാർക്ക പതിച്ചു കൊടുക്കാമെന്നുള്ള വാദം സമ്മതിക്കാൻ പാടില്ല. ജന്മികളാണ് കൃഷിചെയ്യാനുള്ള സ്ഥലങ്ങളെടുക്കുന്നതെങ്കിലും അതിൽ പ്രയത്നം ചെയ്യുന്നത് അധ:കൃതരാണ്. അവർ ഇങ്ങിനെ പ്രയത്നിക്കുന്നുണ്ടെങ്കിലും അവർക്ക ഇരിക്കുവാൻക്കൂടി ഒരു സ്ഥലം കിട്ടുന്നില്ല. മിസ്റ്റർ കൊച്ചുകുട്ടൻ പറഞ്ഞതുപോലെ അധ:കൃതർക്ക താമസിക്കുവാൻ സ്വന്തമായി ഒരു പുരപോലുമുണ്ടോ എന്നുള്ളകാര്യം സംശയമാണ്. ബാക്കിയുള്ളവർക്ക സമ്പത്തുണ്ടാക്കി കൊടുക്കാൻ സാധാരണക്കാർ ശ്രമിക്കുന്നു. അതേ സമയത്തുതന്നെ സാധാരണക്കാരായ കൂലിപ്പണിക്കാർ പട്ടിണി കിടന്നു കഷ്ടപ്പെടുന്നു. ഇങ്ങനെയുള്ള ഒരു സ്ഥിതിയാണ് നമ്മുടെ പുറകുപാടം കണ്ടുവരുന്നതു".

അധ:കൃതർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതായാൽ വേറെ ഒരു കാര്യംകൂടിയുണ്ടാവും. അതായതു് അവർക്ക് പൌരാവകാശം കിട്ടും. പതിച്ചു കൊടുക്കുന്ന ഭൂമിയിൽ എതെങ്കിലും ഒരു ചെറിയ നിക്ഷേപം ചുമത്തുമ്പോൾ അവർക്ക് വോട്ടവകാശം കിട്ടും. ഭക്ഷ്യോല്പാദന പരിപാടിയുടെ കാലാവധി തീരുന്നതുവരെ ഇതിനു കാത്തിരിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ പറയുന്നതു". ഭക്ഷ്യോല്പാദനപരിപാടിയനുസരിച്ചു ഇപ്പോൾ ശരിയായ പ്രവർത്തനം നടക്കുന്നില്ല. ഇതുയും കാലംകൊണ്ടു് ഗവർമ്മെണ്ടിനു നഷ്ടമാണ് അതിലുണ്ടായിട്ടുള്ളതു". അതുകൊണ്ടു് അങ്ങിനെയുള്ള നഷ്ടം വരാതിരിക്കാൻ, അതിന്റെ കാലാവധി കഴിയാൻ കാത്തിരിക്കാതെ ഇപ്പോൾ തന്നെ അധ:കൃതന്മാരെ എല്ലിച്ചു കൊടുക്കുകയാണ് വേണ്ടതു്. ഇങ്ങനെ ഭൂമികൾ അവർക്ക നൽകി ഇന്നനുഭവിക്കുന്ന കഷ്ടതകളിൽനിന്നു അവർക്ക ഒരു നിവൃത്തിമാർഗ്ഗം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

*റാവുസാഹിബ്ബ് കെ. അയ്യപ്പൻ: സർ, ഞാൻ ഈ നിശ്ചയത്തെ പിൻതാങ്ങുന്നു. എനിക്കു് അതോടുകൂടി പറയുവാനുള്ളതു് ഈ രാജ്യത്തെ അധഃകൃതക്കു് മറ്റുജനങ്ങളെപ്പോലെതന്നെ കഴിഞ്ഞു കൂടേണ്ട കാര്യത്തെ കുറിച്ചു പറയുമ്പോൾ എക്യൂറിയും, സെൻറിമെൻറും ടെഡീഷനും ഒക്കെക്കൊണ്ടുവരും. ഇങ്ങിനെ ഒരു നൂറായിരം കാര്യങ്ങൾ പറയുവാനുണ്ടാകും. ഈ എക്യൂറിയും, സെൻറിമെൻറും ടെഡീഷനുമൊക്കെ നിലനിത്തി കൊണ്ടു പോകണമെന്നു പറയുന്നകാര്യത്തിൽ യാതൊരു അർത്ഥവുമില്ല. ഇൻഡ്യയിലെ ഒരു പ്രധാന രാഷ്ട്രീയ കക്ഷിയുടെ ഇലക്ഷൻ മാനിഫെസ്റ്റോവിൽ പറയുന്നതു് "Abolition of the Zemindars, System and distribution of land amoung the cultivators" എന്നാണു്. ഇതു് ഇഡ്യയിലെ ഒരു കക്ഷിയുടേ അഭിപ്രായം മാത്രമല്ല, ഭൂലോകത്തിലെവിടേയും വേണമെന്നു പറയുന്നതും, വളരെ താമസിക്കാതെ തന്നെ ഇൻഡ്യയിൽ നടപ്പിൽ വരുത്തേണ്ടതുമായ ഒരു ഏർപ്പാടാണു്. അതുകൊണ്ടു് എക്യൂറിയും സെൻറിമെൻറും ടെഡീഷനുമൊക്കെ ഇനിയും വേണമെന്നു് വാദിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടാകയില്ല. ആവക വാദങ്ങളെല്ലാം വെറുതെ ഒരു ഭാഗത്തു് നിത്തിവെക്കുകയാണു് നല്ലതു്. ഈ ഗവൺമെണ്ടു മെമ്പർമാരും നല്ലപോലെ മനസിലാക്കേണ്ടതാണു്. ഇതു് പ്രത്യേകിച്ചു ദിവാൻ പേഷ്കാർ അവർകളും ശ്രദ്ധിക്കേണ്ടതാണു്.

ഇനി അവർ പറയുന്നതു എന്താണെന്നു് നോക്കാം. യുദ്ധത്തിന്നു്പോയി മടങ്ങിവരുന്നവക്കു് കൊടുക്കുവാനുള്ളതാണു് ഇതെങ്കിൽ അതിനെ തടഞ്ഞു ഇതു കൊടുക്കേണ്ടിവരികയില്ല. അങ്ങിനെയുള്ളവരിൽ അധികം ആളുകളും ഇതു് എടുക്കുവാൻ പോകുമോയെന്നുള്ള കാര്യം സംശയമാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഭൂമിവെറുതെ കിട്ടാമെന്നു വെച്ചാൽ ആരാണു് എടുക്കാത്തതു്?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: വേറുതെ കൊടുക്കുവാൻ പാടില്ല. കൃഷിചെയ്യുവാൻ അറിയാവുന്നവക്കു മാത്രമെ കൊടുക്കുവാൻ പാടുള്ളു. കൃഷിചെയ്യുവാൻ പരിചയമുള്ളവരാരും വാർ സ്റ്റീസ്സിന്നു് പോകുവാനിട വരികയില്ല. യുദ്ധത്തിന്നു് ആളെ അയക്കുന്നതു ഈ ഗവൺമെണ്ടു ആയാലും ഇനി വരുന്ന ഗവൺമെണ്ടു ആയാലും ശരി അതെല്ലാം അങ്ങിനെ നടന്നുകൊള്ളും. ആയതുകൊണ്ടു് ഇങ്ങിനെയുള്ള ഈ വഴക്കുകാർക്കു് എതിരായുള്ള ഒരു സമ്പ്രദായം നടപ്പിലാക്കില്ലെങ്കിൽ മഹാത്മാഗാന്ധി പറയുന്ന അഹിംസാ സിദ്ധാന്തം നടപ്പിൽ വരുന്നകാലം വരെയും ഈ യുദ്ധത്തിന്നു് ആളെ അയക്കലും, ആളെക്കൊണ്ടു യുദ്ധം ചെയ്യിപ്പിക്കലും മറ്റും ഗവൺമെണ്ടിന്നു നടത്തികൊണ്ടുപോകുവാൻ സാധിക്കുകയുള്ളു. ആയതുകൊണ്ടു് ആ വഴക്കത്തിന്നു് എതിരായിട്ടു പോകണമെന്നു ഞാൻ പറയുന്നില്ല. പിന്നെ മുമ്പു് കൃഷി ചെയ്തിരുന്നവക്കു അല്ലെ കൊടുക്കേണ്ടതു് എന്നു ഒരു കാര്യമാണു്. ഈ കാര്യം പറയുമ്പോൾ ഒരു കച്ചവടക്കാരനെപറ്റിയുള്ള ഒരു ശ്ലോകമാണു് എനിക്കു ഓർമ്മവരുന്നതു്.

പരമാർത്ഥമല്ലെ അവർ സുകൃതം സമ്പാദിക്കുകയല്ലേ ചെയ്യുന്നതു്. വാസ്തവത്തിൽ എന്തിന്നു് സുകൃതം സമ്പാദിക്കുവാൻ പോകുന്നു. അവർ ആ സംഗതിയും കൂടി ഒന്നു അന്വേഷിക്കണം. സുകൃതമാകുന്ന സമ്പാദ്യത്തിന്നുവേണ്ടി അവർ കച്ചവടം ചെയ്യുവാൻ പോയി. ഈ കൃഷിക്കു് പോയിട്ടുള്ളവർ ആദായമില്ലെങ്കിൽ ആരെങ്കിലും അതിന്നു പോകുമോ? ഞാനും ഒരു അഞ്ചു ഏക്കർ സ്ഥലം പതിച്ചു കിട്ടാൻ അപേക്ഷകൊടുത്തു. ഞാൻ സ്ഥലത്തുചെന്നു നോക്കിയപ്പോൾ എനിക്കു് കിട്ടുവാൻ ന്യായമില്ല. അപ്പോൾ വേണ്ടയെന്നു പറഞ്ഞു ഞാൻ പോന്നു. അവിടെയുള്ളവരുടെ തന്നെ അപേക്ഷകൾ ധാരാളമുണ്ടായിരുന്നു. ആദായമില്ലെങ്കിൽ ആരെങ്കിലും ഇതു ഒരു ലോകോപകാരമാണെന്നു വിചാരിച്ചു് ഈ പണിക്കു് പോകുമോ? പിന്നെ ഇതു് ലോകോപകാരമാണു്. ആപത്തുകാലത്തു് സഹായിച്ചുതാണു് എന്നൊക്കെ പറയുന്നതിൽ വലിയ ന്യായമൊന്നുമില്ല. ഇങ്ങിനെയുള്ള ന്യായങ്ങളൊന്നും അധഃകൃതരെപോലെയുള്ളവരുടെ കാര്യത്തിൽ കൊണ്ടുവരരുതു്. പിന്നെ അവരെപോലെയുള്ളവർക്കു് കൃഷിചെയ്യുവാൻ കൊടുക്കുകയാണെങ്കിൽ കൊടുത്തുകൊള്ളുക. അധഃകൃതരുടെ കാര്യങ്ങൾ വരുമ്പോൾ, പുന്തിന്നാണു് രണ്ടു കണ്ണു് ഒരു വശത്തുതന്നെ മനുഷ്യർക്കു് വെച്ചിരിക്കുന്നതു്, അതു രണ്ടു ഭാഗത്തു ആയിട്ടുടെയെന്നും മറ്റും ബുദ്ധിമാന്മാരായിട്ടുള്ള ആളുകൾക്കു് പലെന്യായങ്ങൾ പറയുവാൻ സാധിക്കും. ഈ റസല്യൂഷനിൽ അധഃകൃതർക്കു്

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഭൂമികൾ പതിച്ചു കൊടുക്കണമെന്നാണു് പറയുന്നതു്. ഞാൻ പറയുന്നതു ഇതു് പതിച്ചു കൊടുത്താൽ മാത്രം പോരായെന്നാണു്. അവക്കു് സൌജന്യമായിട്ടു പതിച്ചുകൊടുക്കുകയൊ, അല്ലാത്തപക്ഷം തറവില ഈടാക്കുന്ന വിധത്തിലുള്ള വ്യവസ്ഥകളോടുകൂടി പതിച്ചുകൊടുക്കുകയോ ചെയ്യണമെന്നാണു്. ആ ഒരു സംഗതി ഈ റസലൂഷനിൽ ഇല്ലെങ്കിൽ തന്നെയും അതു ഗവമ്മെണ്ടു് ആലോചിക്കേണ്ടതാണു്. അതു മാത്രം പോര കൃഷിചെയ്യുന്നതിനു വേണ്ടതായ സഹായവും കൂടി ചെയ്തുകൊടുക്കണം. ഇവിടെ പല വ്യവസായങ്ങളും കൃഷികളും മറവും നടപ്പാക്കണമെന്നു് പറയുന്നുണ്ടു്. എന്നാൽ നമ്മുടെ നാട്ടിൽ മനുഷ്യകൃഷി ഇതെവരെ ശരിയായിട്ടു നടത്തീട്ടുണ്ടോ? ഈ മനുഷ്യകൃഷിയാണു് ആദ്യമായിട്ടു നടത്തേണ്ടതു്. അതു ആരും ചെയ്തിട്ടില്ല. ശരിക്കുള്ള വളമില്ലാതെ, ശരിക്കുള്ള വെളിച്ചമില്ലാതെ, ശരിക്കുള്ള ഇടംകിട്ടാതെ എത്രയോ മനുഷ്യരാണു് ഉറഞ്ഞുപോകുന്നതു്. ഇതിനെല്ലാം ശരിയായിട്ടുള്ള വളവും, ശരിയായിട്ടുള്ള വെളിച്ചവും, ശരിയായിനിൽപ്പാനുള്ള ഇടവും ഒക്കെ കൊടുത്തുകഴിഞ്ഞാൽ മനുഷ്യ മനോഹരങ്ങളായ പുഷ്പങ്ങളും, ഫലങ്ങളും ഉണ്ടാകുന്ന മനുഷ്യചെടികളും എല്ലാം ശരിയായിട്ടു വളരുകയാണെങ്കിൽ നമ്മുടെ കൊച്ചി രാജ്യം എത്രയോ മനോഹരമായിരിക്കും, എത്രയോ സരഭില സുന്ദരമായിരിക്കും, എത്രയോ ഗംഭീരമായിരിക്കും എന്നുള്ളതിനെപറ്റി നമ്മളാരും ആലോചിക്കുന്നേയില്ല. വയലിൽ ഏതാനും ഒരു ഭാഗത്തു് സ്വല്പം വളമിട്ടുകൊടുത്താൽ അവിടെ മാത്രമുള്ള നെല്ലു് മറ്റുള്ള നെല്ലുകളെക്കാൾ വളരെ വേഗത്തിൽ പൊങ്ങിവരുന്നതുകാണാം. എന്നാൽ വളമില്ലാത്ത സ്ഥലത്തുള്ള നെല്ലെല്ലാം ഉറങ്ങി കിടക്കുന്നതും നമുക്കു് കാണാൻ സാധിക്കും. ഇന്നത്തെ സമുദായത്തിന്റെ നിലയും, സ്ഥിതിയും ബുദ്ധിപൂർവ്വം ആലോചിച്ചാൽ കാണാം നമ്മുടെരാജ്യത്തെ സ്ഥിതി. വയലുകളിൽ വളമുള്ള സ്ഥലത്തെ നെല്ലു് വേഗത്തിൽ വളർന്നുവരുന്നു, വളമില്ലാത്ത സ്ഥലത്തെ നെല്ല ഉറങ്ങി കിടക്കുന്നു. ഈ നെല്ലുകളുടെ കൂട്ടത്തിൽ ഏറ്റവും അധികം ഉറങ്ങി കിടക്കുന്നവരാണു് നമ്മുടെ അധഃകൃതസമുദായം. ഇതു് എത്രയോകാലത്തെ ഒരു നിലയാണെന്നു് നോക്കണം. രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പുള്ള ഒരു നിലയാണു് ഇതു്. ബ്രിട്ടീഷ്കാർ ഇൻഡ്യയിൽ വരുന്നതിനു മുമ്പുള്ള ഒരേപ്പാടാണു് ഇതു്. ഈ കാര്യത്തിൽ ബ്രിട്ടീഷ്കാരെകുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇതിനുള്ള ഉത്തരവാദികൾ ഇവിടെയുള്ളവർതന്നെയാണു്. നമ്മുടെ കുറ്റംകൊണ്ടും നമ്മുടെ ബുദ്ധിയില്ലായ്മകൊണ്ടും ചെയ്തിട്ടുള്ളതാണു. എത്രയൊ അംബേദ്കർമാരേയും എത്രയോ വാല്മീകിമാരേയും സൃഷ്ടിക്കേണ്ടതായ ആളുകളെ നമ്മൾ വെറുതെ കളഞ്ഞു. ഇനി അങ്ങിനെ വെറുതെ കളയുവാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്. ഈ കാര്യത്തിൽ അവരെ നാം ഉയർത്തികൊണ്ടു വരികയാണെങ്കിൽ "എത്രപേരുമാക്കാം, ശങ്കരാചാര്യന്മാരും, എത്രയുണ്ണിമാർ, കുഞ്ചന്മാരും" അവരിൽ കാണുമായിരുന്നു. അവരെയെല്ലാം പൊക്കികൊണ്ടുവരുവാൻ വെറുതെ കവിത ചൊല്ലുകയല്ല. അവരെ ഉയർത്തികൊണ്ടുവരണമെന്നുള്ള സന്നദ്ധോഭാവം ഉണ്ടായിരിക്കണം. ഈ റസലൂഷനിൽ ഏറ്റവും നിസ്സാരമായ ഒരു കാര്യമാണു് ആവശ്യപ്പെട്ടതു്. അതു ഈ നിയമസഭ എന്തെങ്കിലും ന്യായങ്ങൾ പറഞ്ഞു എതിർക്കുകയാണെങ്കിൽ അങ്ങിനെ ചെയ്യുന്നവർ കഠിനമായ ഓഡിയം അനുഭവിക്കാതെ നിവൃത്തിയില്ല. ഈ നിയമസഭയിൽ ഈ നിശ്ചയത്തെ ഒരാളും എതിർക്കുവാൻ പാടില്ല. ഈ നിശ്ചയത്തിലുള്ള പോരായ്മകൾ ഗവമ്മെണ്ടിനെ പറഞ്ഞു മനസ്സിലാക്കികൊടുക്കുകയാണു് വേണ്ടതു്. അവക്കു് ചോദിക്കുവാനുള്ള കാര്യങ്ങളിൽ ഏറ്റവും പരിമിതമായ ഒരു കാര്യം മാത്രമാണു് ഇപ്പോൾ അവർ ചോദിക്കുന്നതു്. അതു വകവെച്ചുകൊടുക്കുവാനുള്ള ഒരു സന്നദ്ധോഭാവം ഉണ്ടായിരിക്കണം. അതുകൊണ്ടു് ഈ നിശ്ചയം ഏറ്റവും അത്യാവശ്യമായ ഒന്നായതുകൊണ്ടു് ഇതിനെ അതും എതിർക്കാതെ ഈ നിയമസഭ ഐകകണ്ഠ്യേന സ്വീകരിക്കുകയും ഗവമ്മെണ്ടു് ഈ കാര്യത്തിൽ അന്യായമൊന്നും ചെയ്യരുതെന്നും മാത്രമെ എനിക്കു പറയുവാനുള്ളൂ.

* മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സർ, ഞാൻ ഇവിടെ ചെയ്ത പ്രസംഗം മനപ്പൂർവ്വമായോ അല്ലാതെയോ ചില പ്രാസംഗികന്മാർ തെറ്റിദ്ധരിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട തലപ്പിള്ളി ഈഴവമെമ്പർ പറയുകയുണ്ടായി, ജന്മികളുടെ അയൽഭാഗത്തു് അധഃകൃതക്കു ഭൂമി പതിച്ചുകൊടുക്കണമെന്നാണു് ഞാൻ പറഞ്ഞതെന്നു്. ജന്മികളുടെ അയൽഭാഗത്തു് പതിച്ചുകൊടുക്കരുതെന്നാണു് ഞാൻ പറഞ്ഞതു്. പിന്നീടു് ഇവക്കു കൊടുക്കണമെന്നുള്ള കാര്യം

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഞാൻ പറഞ്ഞതു്. ഇവരെപ്പോലെ ജാതിയിൽ ജനിച്ചു എന്നുള്ളതുകൊണ്ടു മാത്രം ദുരിതമനുഭവിക്കുന്ന മറ്റുള്ളവർക്കും ഭൂമി പതിച്ചുകൊടുക്കണമെന്നാണു് ഞാൻ പറഞ്ഞിട്ടുള്ളതു്. അതാണു് മനപൂർവ്വമായോ അല്ലാതെയോ എന്റെ പ്രസംഗത്തെ തെറ്റിദ്ധരിച്ചു എന്നു ഞാൻ പറഞ്ഞതു്. യഥാർത്ഥത്തിൽ കൃഷിചെയ്യുന്ന കൃഷിക്കാരനു ഭൂമി കൊടുക്കണമെന്നാണു് ഞാൻ പറഞ്ഞതു്. അതുകൊണ്ടു് ഓഡിയത്തെപ്പറ്റിയും മറ്റും പറഞ്ഞിട്ടു കാര്യമില്ല. അതിനു നിങ്ങളോടു മറുപടിപറയുവാൻ എനിക്കറിയാം. പക്ഷെ ഇപ്പോൾ അതൊന്നും പറയുന്നില്ല. ഇതു പറയാൻ എനിക്കു അനുവാദം തന്നതിനു് പ്രത്യേക നമസ്കാരം പറയുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: സർ, പ്രജാമണ്ഡലം പാർട്ടിയുടെപേരിൽ ഞാൻ ഈ പ്രമേയത്തെ നിരുപാധികമായി പിന്താങ്ങുന്നു. ഈ നാട്ടിൽ സ്വന്തം പാർപ്പിടമില്ലാത്തതും, കൃഷിചെയ്യാൻ ഭൂമിയില്ലാത്തതുമായ ഒരു ജനവിഭാഗത്തിന്റെ പേരിലാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്. മറ്റുള്ള വിഭാഗങ്ങൾക്കു് ഏതെല്ലാം വിധത്തിലുള്ള അവശതകളുണ്ടെങ്കിലും ശരി, അവരുടെ ആ അവശതകളോടു താരതമ്മ്യപ്പെടുത്തുമ്പോൾ അതിനേക്കാൾ ഭീമങ്ങളായ അവശതകളാണു് ഈ ജനവിഭാഗത്തിനു് ഇന്നനുഭവിക്കേണ്ടിവരുന്നതു് എന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് മറ്റാരോകാര്യങ്ങൾ എന്നപോലെ അധഃകൃതസമുദായക്കാർക്കു ഭൂമി പുതിയതായി കൊടുക്കുകയെന്നുള്ളതു് അത്യന്താപേക്ഷിതമായ ഒരുകാര്യമാണു്. ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള വിധത്തിൽ, പട്ടാളത്തിൽ നിന്നു് മടങ്ങിവരുന്ന ആളുകൾക്കു ഭൂമികൊടുപ്പാൻ തടസ്സം വരാത്തവിധത്തിൽ അധഃകൃതർക്കു പതിച്ചുകൊടുക്കണമെന്നു പറഞ്ഞിട്ടുള്ള ഭാഗം കൂടി ആവശ്യമില്ലെന്നാണു് എനിക്കു തോന്നുന്നതു്. നിവൃത്തിയുണ്ടെങ്കിൽ, ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്ന ആളുകളിൽ നിന്നു് സാമ്പത്തികതത്വങ്ങൾക്കു വിരുദ്ധമാകാതെ ഇന്നത്തെ വ്യവസ്ഥയനുസരിച്ചു് ഒഴിപ്പിക്കാൻ സാധിക്കുന്ന ഭൂമികൾ മുഴുവൻ ഒഴിപ്പിച്ചെടുത്തു് ഒരു സാമാന്യ സിദ്ധാന്തമെന്ന നിലയിൽ അധഃകൃത സമുദായാംഗങ്ങൾക്കു പതിച്ചുകൊടുക്കുന്നതായാൽ അത്യന്താപേക്ഷിതമായ ഒരു നീതിചെയ്യുകയുള്ളൂ എന്നാണു് ഞങ്ങൾക്കു പറയാനുള്ളതു്. ഈനിലയിൽ, പട്ടാളക്കാരെക്കുറിച്ചുള്ള വ്യവസ്ഥപോലും ഉപേക്ഷിച്ചു്, അതു് അധഃകൃതർക്കുമാത്രമായി ഒഴിഞ്ഞുവെക്കുകയാണു് വേണ്ടതെന്നാണു് ഞങ്ങൾക്കു പറയാനുള്ളതു്. ബ്രിട്ടിഷ് ഗവൺമെണ്ടിനെ സഹായിച്ചു എന്ന കാരണംകൊണ്ടല്ല, പട്ടാളക്കാർക്കു കൊടുക്കരുതെന്നു പറയുന്നതു്. ബഹുമാനപ്പെട്ട കണയന്നൂർ ഇഴവമെമ്പർ പറഞ്ഞതുപോലെ ഈ നാട്ടിൽ വേലചെയ്തു് ആദായമുണ്ടാക്കി ജീവിക്കുവാൻ ആശയോ, അഭിലാഷമോ ഉണ്ടായിട്ടില്ലാത്ത ആളുകളാണു് പട്ടാളത്തിലേക്കു പോയിട്ടുള്ളതു്.

റാവുസാഹിബു് കെ. അയ്യപ്പൻ: എന്നു ഞാൻ പറഞ്ഞിട്ടില്ല. അവർക്കതിനു അവസരമുണ്ടായിരുന്നു എന്നാണു് പറഞ്ഞതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: പട്ടാളത്തിൽ പോയിട്ടുള്ളവർക്കു മതിയായ പ്രതിഫലം കൊടുത്തിട്ടുണ്ടു്, സകല സൌകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു എന്നുള്ളതുകൊണ്ടു്, പട്ടാളത്തിന്റെ പേർപറഞ്ഞു് അധഃകൃതരെ ഉപദ്രവിക്കരുതെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ നിരുപാധികമായി പിന്താങ്ങുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇതു് അല്പം പുരോഗമനപരമായ ഒരു പ്രമേയമാണു്. കൊച്ചിരാജ്യത്തു് ആകെ @ ലക്ഷത്തിൽ ചില്വാനം ഏക്കർ കൃഷിസ്ഥലങ്ങളുണ്ടു്. അതിനെ അപേക്ഷിച്ചു് ഈ വ, ൦ ൦ ൦ ഏക്കർ ഭൂമി വളരെ നിസ്സാരമാണു്. പൊതുവെ കാഷ്ടികജീവനക്കാരുടെ അടിത്തട്ടിൽ കിടന്നു ബുദ്ധിമുട്ടുന്ന ഒരു സമുദായമാണു് അധഃകൃതർ. അവർക്കു നാലോ, അഞ്ചോ ഏക്കർ സ്ഥലം സ്വന്തമായി കൃഷിചെയ്യാൻ കൊടുത്താൽ, അതിനെ മാത്രം ആസ്പദമാക്കി അവർക്കു ജീവിക്കുവാൻ സാധിക്കുകയും, അവരുടെ ജീവിതത്തിൽ വലിയ മാറ്റം വരുകയും ചെയ്യും. ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുമ്പോൾ, ഒരുകൊല്ലം കഴിയുന്നതിനുമുമ്പു് ഈ നിയമസഭക്കുതന്നെ കാണാൻ സാധിക്കും കർഷകരുടെയിടയിൽ നിന്നുവരുന്ന ഗംഭീരമായ പ്രമേയങ്ങളും, ഉപക്ഷേപങ്ങളും മറ്റും. ഈ നിലയെ ആസ്പദമാക്കി, ഒരു കർഷകരാജ്യമായ കൊച്ചിയെ കാഷ്ടികമായ തരത്തിൽ അഭിവൃദ്ധിപ്പെടുത്തേണ്ട ഉദ്ദേശത്തോടുകൂടിയാണു് മറ്റുള്ളവരേക്കാൾ ഇവർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിൽ മുൻഗണനകൊടുത്തു് വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു പറയുന്നു. (at. 3.27 p.m. the Diwan President took the Chair). അങ്ങിനെ ചെയ്താൽ നമ്മുടെ കൊല്ലംകൊണ്ടു് ഭക്ഷ്യോല്പാദന പരിപാടിയിലുണ്ടായ അഭിവൃദ്ധിയേക്കാൾ ½ഭാഗം കാലം കൊണ്ടു് പത്തിരട്ടി അഭിവൃദ്ധിയുണ്ടാവും. ഇപ്രകാരം ചെയ്തു് കാർഷികജനതയെ അഭിവൃദ്ധിപ്പെടുത്തുവാൻ ഒരുസ്കീം ഉണ്ടാക്കണം. ആരും യാതൊരു തടസ്സവും ഇതിൽ പറയാൻ പാടില്ല. ഇരിപ്പടമില്ലാതെ ജീവിക്കുവാൻ വഴിയില്ലാതെ മറ്റുള്ളവരുടെ ആട്ടും തുപ്പുമനുഭവിക്കുന്ന അധഃകൃതസമുദായത്തിനു് കൂടുതൽ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ ജോസഫ് ചിറയത്ത്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. അധഃകൃത സമുദായത്തേയും, തൊഴിലാളികളേയും സംബന്ധിക്കുന്ന പ്രമേയങ്ങൾ വരുമ്പോൾ, അതിലെ ദോഷവശങ്ങളെപ്പറ്റി പറഞ്ഞാൽ അബദ്ധമായി വിചാരിക്കപ്പെടുന്ന ഈ കാലത്തു അധഃകൃതരെ സംബന്ധിക്കുന്ന പ്രമേയത്തെപ്പറ്റി പറയാനാണു് ഞാൻ ഭാവിക്കുന്നതു്. എന്തുതന്നെയായാലും പ്രമേയത്തിൽ കടന്നുകൂടിയിട്ടുള്ള പോരായ്മകളെ തിക്കുന്നതിനു് ഒരു ഭേദഗതി കൂടിയേ കഴിയൂ. ഇത്തരത്തിൽ ഭേദഗതിയോടുകൂടിയ ഒരു പ്രമേയത്തെമാത്രമേ ഞാൻ പിന്താങ്ങുന്നതിനു് ഉദ്ദേശിക്കുന്നുള്ളൂ. ഭക്ഷ്യോല്പാദന പരിപാടിയുടെ കാലാവധിക്കുശേഷം പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നതിൽ സാധുക്കളായ മറ്റു മനുഷ്യർക്കുകൂടി അധഃകൃതന്മാരോടൊപ്പം മുൻഗണന കൊടുത്തുകൊണ്ടുള്ളതായ ഒരു പല്ലതി സ്വീകരിക്കുന്നതാണു് ഏറ്റവും ഉചിതമായിട്ടുള്ളതു്. എന്നുവെച്ചാൽ പലയനോ, പറയനോ അല്ലാത്തതുകൊണ്ടു മാത്രം മറ്റുള്ളവർക്കു കിട്ടേണ്ടതു് കിട്ടാതിരിക്കരുതെന്നു മാത്രമാണു് ഞാൻ നിർദ്ദേശിക്കുന്നുള്ളൂ. ഭക്ഷ്യോല്പാദന പരിപാടിയുടെ കാലാവധിക്കുശേഷം പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുക്കുമ്പോൾ അധഃകൃതർക്കും അവരെപ്പോലെയുള്ള മറ്റു സമുദായങ്ങളിൽ ഉള്ള സാധുക്കൾക്കും മുൻഗണന കൊടുത്തുകൊണ്ടു് പതിച്ചുകൊടുക്കുക എന്നുള്ള ഭേദഗതിയോടുകൂടിയ പ്രമേയത്തെയാണു് ഞാൻ പിന്താങ്ങുന്നതു്.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാനും ഈ പ്രമേയത്തെ പിന്താങ്ങാൻതന്നെയാണു് വിചാരിക്കുന്നതു്. പക്ഷെ എത്രതന്നെ ന്യായമുണ്ടായാലും ആ ന്യായങ്ങൾ പറയുന്നതു് സമുദായക്ഷോഭമാണ എന്നാണു് ചിലർ പറയുന്നതു്. സമുദായങ്ങളിൽ വളരെക്കാലമായി നിലനിന്നുവരുന്ന വിദ്വേഷംകൊണ്ടാണു് ഈ വിചാരമുണ്ടാകുന്നതു്. മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കത്തക്ക ചില വാക്കുകൾ ആവത്തിച്ചാവത്തിച്ചു സിംഹഗർജ്ജനം ചെയ്യാൽ, മറ്റുള്ളവർക്കു എത്രതന്നെ ന്യായമുണ്ടെങ്കിലും ആ ന്യായങ്ങൾ പറയാൻ ഇടകൊടുക്കാതെ, അഥവാ പറഞ്ഞാൽതന്നെ അതു് അന്യായമാണെന്നു് തെറ്റിദ്ധരിപ്പിച്ചാൽ പല വലിയ വലിയ കാര്യങ്ങളും നിഷ്പ്രയാസം സാധിക്കാമെന്നു് മനസ്സിലാക്കിയിട്ടുള്ള ചിലർ ഇവിടെകൂടിയും ഈ കൌൺസിലിൽ മാത്രമല്ല, നമ്മുടെ രാജ്യത്തും പുറമേയും ധാരാളമുണ്ടു് എന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അങ്ങിനെയുള്ളവരുടെ വേഷം നശിപ്പിക്കണമെന്നു് എനിക്കു് വിചാരമില്ല. പക്ഷെ, ഇങ്ങനെയുള്ള വേഷക്കാരെ എതുക്കണമെന്നുള്ള മനസ്ഥിതിയാണു് എനിക്കുള്ളതു്. അധഃകൃതർ നന്നാകേണ്ട എന്നോ, അവർ നന്നാകുന്നതിനു് ന്യായമായ സഹായം ചെയ്തുകൊടുക്കണ്ടാ എന്നോ ഉള്ള അഭിപ്രായം എനിക്കില്ല.

Mr. President: Is the Hon'ble Member going to speak for some more time?

Mr. P. Narayana Menon *(Tripunithura):* Yes, Sir.

Mr. President: If so, I must ask the Honble Member to stop. We shall now take up the Adjournment motion.

ADJOURNMENT MOTION

Lock-out in the Alliance Industries, Tripunittura

***Mr. P. K. Dewer** *(Nominated):* Mr. President, Sir, under rule 21 of the Legislative Council Rules I move for the adjournment of the business of the House to discuss a matter of urgent public importance to wit the illegal lock-out in the "Alliance Industries", Tripunithura and the failure of the Government to take proper action. I am constrained to move such a motion because of the importance of the subject I am going to deal with here. Since the outbreak of the hostilities several ordinances, orders and rule have been brought into force here, in the State in the interest, I must say, of the working class of the State. They have been forced even to their disadvantage to work in factories, even in the worst conditions, not to leave the place of their work, not leave the place where they live and the workers have been putting up with all

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly